**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5605** **08-07-2024 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥ വ്യതിയാനം സംസ്ഥാനത്തുണ്ടാക്കിയ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആഗോള താപനത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും ഫലമായി സംസ്ഥാനത്ത് കനത്ത ചൂടും അതിതീവ്ര മഴയും കാരണം ഉണ്ടായിട്ടുള്ള പ്രത്യേക സാഹചര്യം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആഗോളതാപനവും തുടർന്നുള്ള കാലാവസ്ഥാ വ്യതിയാനവും മൂലം കടുത്ത ചൂടും കനത്ത മഴയും ഉൾപ്പെടെ രൂക്ഷമായ പ്രകൃതിക്ഷോഭങ്ങളാണ് കേരളം നേരിട്ടത്. പതിവിലേറെ നീണ്ടു നിൽക്കുന്ന തുലാവർഷവും ഇടവപ്പാതിയും ന്യൂനമർദ്ദവും മൂലം പ്രളയം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, കടലാക്രമണം, വരൾച്ച, ഇടിമിന്നൽ തുടങ്ങി വിവിധ തരം ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | കടുത്ത ചൂടും അതിതീവ്ര മഴയും മൂലം സംസ്ഥാനത്തെ കാർഷിക മേഖലയിലും ഇതര മേഖലകളിലും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (ബി) | വരൾച്ച ബാധിച്ച കൃഷിയിടങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന പരിശോധിച്ച് നഷ്ടം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചുവെന്നും ഇത് 257.12 കോടി രൂപയോളം വരുമെന്നും കണക്കാക്കിയിട്ടുണ്ട്. അതി തീവ്ര മഴ മൂലം 3145 ഹെക്ടറിൽ കൃഷി നാശം ഉണ്ടായതായും 15591 ലക്ഷം രൂപയുടെ നാശനഷ്ട്ടം ഉണ്ടായതായും കണക്കാക്കുന്നു. |
| (സി) | പ്രസ്തുത സാഹചര്യം സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കർഷകർക്കുണ്ടായ ഉല്പാദന നഷ്ടം, ഉല്പന്നത്തിന്റെ മൂല്യത്തിലുണ്ടായ കുറവ്, വർദ്ധിച്ച രോഗ/കീടബാധ, പുന:കൃഷിക്കായുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ് എന്നിവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് അർഹമായ സഹായങ്ങൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | XV-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതം മാത്രമേ ലഭിക്കുന്നുള്ളൂ . സംസ്ഥാനത്ത് നിലനിന്ന സാഹചര്യം വിലയിരുത്തി കേന്ദ്രത്തിൽ നിന്നും പ്രത്യേക ധനസഹായം ലഭ്യമായിട്ടില്ല. |
| (ഇ) | ഈയിനത്തിൽ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുന്ന കേന്ദ്രസഹായവും സംസ്ഥാനത്തിന് നൽകുന്ന കേന്ദ്രസഹായവും തമ്മിലുള്ള അന്തരം വ്യക്തമാക്കുമോ; | (ഇ) | XV-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതം മാത്രമേ ലഭിക്കുന്നുള്ളൂ . സംസ്ഥാനത്ത് നിലനിന്ന സാഹചര്യം വിലയിരുത്തി കേന്ദ്രത്തിൽ നിന്നും പ്രത്യേക ധനസഹായം ലഭ്യമായിട്ടില്ല. |
| (എഫ്) | ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോ; വ്യക്തമാക്കാമോ? | (എഫ്) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ